LIBRARY ARCHIVES Kerala Legislative Assembly

സി-ഡിറ്റ്

81 (1455) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിലെ ടെക്നോളജി എക്സ്റ്റൻഷൻ ഡിപ്പാർട്ട്മെന്റിൽ ധനകാര്യ വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) പരിശോധനാ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇതിൽ എന്തൊക്കെയാണ് കണ്ടെത്തിയിട്ടുള്ളതെന്നും ആരൊക്കെയാണ് കുറ്റക്കാർ എന്നും വിശദമാക്കുമോ;

(സി) കുറ്റാരോപിതർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) സി-ഡിറ്റിലെ ടെക്നോളജി എക്സ്റ്റൻഷൻ ഡിപ്പാർട്ട്മെന്റിൽ ധനകാര്യ വകുപ്പ് പരിശോധന നടത്തിയിട്ടുണ്ട്.

(ബി&സി) ധനകാര്യ വകുപ്പിന്റെ പരിശോധനാ റിപ്പോർട്ടിന്മേൽ സി-ഡിറ്റ് രജിസ്ട്രാർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

സി-ഡിറ്റ്-ലെ കൊറിയർ ഇടപാട്

82 (1456) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റ്-ലെ കൊറിയർ ഇടപാടിനെക്കുറിച്ച് വിജിലൻസ് നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ടും ശിപാർശകളും ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ സി-ഡിറ്റിലെ ഏതെല്ലാം ഉദ്യോഗസ്ഥരുടെ പേരിൽ നടപടിയെടുക്കാനാണ് ശിപാർശ ചെയ്തിട്ടുള്ളത് എന്നറിയിക്കാമോ;

(സി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ ;

(ഡി) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) ഉദ്യോഗസ്ഥരുടെ പേരുകൾ പരാമർശിച്ചിട്ടില്ല. ടി ഇടപാടിൽ ഉൾപ്പെട്ട ഓൺ ഡോട്ട് കൊറിയർ ആന്റ് കാർഗോ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് കൊടുക്കുവാനുള്ള കുടിശ്ശിക തടഞ്ഞുവയ്ക്കുവാനും അടിയന്തരമായി സി-ഡിറ്റിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയും ഗവേണിംഗ് ബോഡിയും വിളിച്ചുചേർത്ത് അന്വേഷണ റിപ്പോർട്ട് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാൻ രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

വികസനക്ഷേമ പ്രവർത്തനങ്ങൾ

83 (1457) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നടപ്പാക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ജനങ്ങളിലെത്തിക്കാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് നടപ്പാക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനായി ജനസമ്പർക്ക മേളകൾ, എക്സിബിഷനുകൾ, സെമിനാറുകൾ, ചിത്രപ്രദർശനങ്ങൾ മുതലായവ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ വികസന ക്ഷേമപ്രവർത്തനങ്ങൾ പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി ഇവ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നതിന് താഴെപ്പറയുന്ന ഫീൽഡ് പബ്ലിസിറ്റി പ്രവർത്തനങ്ങൾ ഈ വകുപ്പിൽനിന്ന് സ്വീകരിച്ചിട്ടുണ്ട്.

1. കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിലെ പ്രദർശന വാഹനങ്ങൾ ഉപയോഗിച്ച് മൊബൈൽ എക്സിബിഷനുകൾ സംഘടിപ്പിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly